**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 585** **02-02-2023 - ൽ മറുപടിയ്ക്ക്**

**സർക്കാർ സേവനങ്ങളുടെ നിരക്ക് വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ട്രഷറി സേവനങ്ങളുടെ നിരക്ക് വർദ്ധിപ്പിക്കുകയുണ്ടായോ; ഏതൊക്കെ സേവനങ്ങൾക്കാണ് നിലവിൽ നിരക്ക് വർദ്ധനവ് വരുത്തിയിട്ടുള്ളത്; | (എ) | ട്രഷറി സേവനങ്ങളുടെ നികുതിയിതര ഇനങ്ങളുടെ നിരക്കുകൾ സ.ഉ.(സാധാ) നം.8598/2022/ധന തീയതി 19/12/2022 പ്രകാരം വർദ്ധിപ്പിക്കുകയുണ്ടായി. (ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു) |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ട്രഷറി സേവനങ്ങൾക്ക് പുറമെ മറ്റേതെല്ലാം സർക്കാർ സേവനങ്ങളുടെ നിരക്കുകളാണ് വർദ്ധിപ്പിച്ചിട്ടുള്ളത്; | (ബി) | ചുവടെ ചേർത്തിരിക്കുന്ന വകുപ്പുകളിൽ നിന്ന് ലഭിച്ച ശുപാർശകൾ പരിശോധിക്കുകയും നിരക്ക് വർദ്ധനവ് വരുത്തുകയും ചെയ്തിട്ടുണ്ട്.<br><br>ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ് - സർവ്വേ ചാർജ്ജുകൾ<br><br>ഫാക്ടറീസ് ബോയിലേഴ്സ് വകുപ്പിന് കീഴിലുള്ള, കേരളാ ഫാക്ടറീസ് റൂൾസ്, 1957 പ്രകാരം ഈടാക്കുന്ന നിരക്കുകൾ (തൊഴിൽ വകുപ്പ്)<br><br>കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, 1960 പ്രകാരം ഈടാക്കുന്ന നിരക്കുകൾ (തൊഴിൽ വകുപ്പ്)<br><br>തടി വ്യാപാരവുമായി ബന്ധപ്പെട്ട നിരക്കുകൾ (വനം വകുപ്പ്)<br><br>പോലീസ് വകുപ്പ് നല്കുന്ന സേവനങ്ങളുടെ നിരക്ക്<br><br>ഫയർ & റെസ്ക്യൂ വകുപ്പ് നൽകുന്ന സേവനങ്ങളുടെ നിരക്ക്. |
| (സി) | ഇവയിൽ ഏതൊക്കെ ഇനങ്ങളുടെ നികുതിയാണ് വർദ്ധിപ്പിച്ചിട്ടുള്ളത്; ഓരോ ഇനത്തിനും വരുത്തിയിട്ടുള്ള വർദ്ധനവ് എത്ര വീതം ആണെന്ന് അറിയിക്കുമോ; | (സി) | ഓരോ ഇനത്തിനും കുറഞ്ഞത് 5% വർദ്ധനവ് വരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | പുതുതായി മറ്റേതെല്ലാം ഇനങ്ങളുടെ നിരക്കുകൾ വർദ്ധിപ്പിക്കുന്നതിനാണ് സർക്കാർ ആലോചിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ഡി) | അധിക വിഭവ സമാഹരണവുമായി ബന്ധപ്പെട്ട് വകുപ്പുകളിൽ നിന്നും ശുപാർശകൾ ലഭിക്കുന്ന മുറക്ക് ആയത് പരിശോധിച്ച് സേവന നിരക്കുകൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയാണ് ചെയ്യുന്നത്. |
| (ഇ) | ഇത്തരത്തിലുള്ള വർദ്ധനവുകളിലൂടെ നാളിതുവരെ സമാഹരിച്ച അധിക തുക എത്രയാണെന്ന് അറിയിക്കുമോ; സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക പ്രതിസന്ധി ഇപ്രകാരമുള്ള വർദ്ധനവുകളിലൂടെ മറികടക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ഇ) | ഇപ്രകാരമുള്ള വർദ്ധനവിന്റെ ഫലങ്ങൾ തുടർന്നുള്ള വർഷങ്ങളിൽ മാത്രമേ പ്രതിഫലിക്കുകയുള്ളൂ. നികുതിയേതര ഇനങ്ങളിലുള്ള നിരക്ക വർദ്ധനവ് സംസ്ഥാനത്തിന്റെ വിഭവലഭ്യതയിൽ കുറച്ച് മാറ്റങ്ങൾ ഉണ്ടാക്കും. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ-മാതൃഭാഷ"



आज़ादी का अमृत महोत्सव

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - എസ്റ്റാബ്ലിഷ്മെന്റ് - ട്രഷറി വകുപ്പുമായി ബന്ധപ്പെട്ട നികുതിയേതര ഇനങ്ങൾ - നിലവിലുള്ള നിരക്കുകൾ വർദ്ധിപ്പിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -സി) വകുപ്പ്**

സ.ഉ.(സാധാ)നം.8598/2022/ധന. തിരുവനന്തപുരം, തീയതി 19/12/2022

പരാമർശം :- 1. ധനകാര്യ (ആർ എം.സി) വകുപ്പിന്റെ 22/11/2022 തീയതിയിലെ 2241656/ആർ എം സി - 2/39/2022 നമ്പർ അനൗദ്യോഗിക കുറിപ്പ്.

2. ട്രഷറി വകുപ്പിലെ അധിക വിഭവ സമാഹരണ സാദ്ധ്യതകൾ പരിശോധിക്കുന്നതിനായി ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നിർദ്ദേശപ്രകാരം 08/11/2022 തീയതി 11.00 മണിക്ക് ധനകാര്യ ആർ എം സി വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

സൂചന 2 യോഗതീരുമാനപ്രകാരം ട്രഷറി വകുപ്പുമായി ബന്ധപ്പെട്ട നികുതിയേതര ഇനങ്ങളുടെ നിലവിലുള്ള നിരക്കുകൾ ചുവടെ പറയും പ്രകാരം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | ഇനം | നിലവിലുള്ള നിരക്ക് (രൂപ) | വർദ്ധിപ്പിക്കുന്ന നിരക്ക് (രൂപ) |
|---|---|---|---|
| 1 | **ട്രഷറി ബിൽ ബുക്ക്** നഷ്ടപ്പെട്ടാൽ ഓരോ ഡ്രോയിങ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർമാരിൽ (DDO) നിന്നും വ്യക്തിഗത ബാധ്യതയായി ഈടാക്കുന്ന തുക | 525/- | 1000/- |
| 2 | **സേവിംഗ്സ് ബാങ്ക് ചെക്ക് ബുക്ക് പാസ്സ് ബുക്ക്** എന്നിവ നഷ്ടപ്പെട്ടാൽ ഇതേ അക്കൗണ്ടുടമയിൽ നിന്നും ഈടാക്കുന്ന തുക | 15/- | 50/- |
| 3 | **സർട്ടിഫിക്കറ്റ് ഓഫ് റെമിറ്റൻസ്** ചെലാൻ അടച്ചതിന്റെ സർട്ടിഫിക്കറ്റ് ഓഫ് റെമിറ്റൻസിന് അപേക്ഷകൻ അടയ്ക്കേണ്ട തുക | 15/- | 50/- |
| 4 | **മെറ്റൽ ടോക്കൺ നഷ്ടപ്പെട്ടാൽ** ഈടാക്കുന്ന തുക | 10/- | 25/- |

| | | | |
|---|---|---|---|
| 5 | **പി.പി.ഒ - യുടെ ഡ്യൂപ്ലിക്കേറ്റ്** പകർപ്പിന് (ഒരു പെൻഷണറുടെ പെൻഷൻ നൽകൽ ഉത്തരവിന്റെ അയാളുടെ ഭാഗം നഷ്ടപ്പെട്ടപ്പോൾ) അപേക്ഷയോടൊപ്പം നൽകേണ്ട ഫീസ് | 280/- | 500/- |
| 6 | **പെർമനന്റ് സ്റ്റാമ്പ് വെണ്ടർമാരുടെ ലൈസൻസ് ഫീസ്** 3 വർഷത്തേക്ക് | 1500/- | 6000/- |
| | 1 വർഷത്തേക്ക് | 750/- | 3000/- |
| | താത്ക്കാലിക/സ്പെഷ്യൽ വെണ്ടർ ലൈസൻസ് ഫീസ് | 500/- | 2000/- |
| 7 | **നാൾവഴി പരിശോധന പിഴവ്** പരിശോധിച്ച് പിഴവ് കണ്ടെത്തിയാൽ ഈടാക്കാവുന്ന പിഴ | 500/- | 5000/- |
| 8 | വെണ്ടർ നാൾവഴി രജിസ്റ്റർ | 33/- | 100/- |

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

**സഞ്ജയ് എം കൗൾ**

**സെക്രട്ടറി(ധനകാര്യ എക്സ്പെൻഡിച്ചർ)**

പകർപ്പ്

അക്കൗണ്ടന്റ് ജനറൽ(എ&ഇ), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്-II) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ധനകാര്യ (ആർ എം സി) വകുപ്പ്.
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (2265793).

ഉത്തരവിൻ പ്രകാരം

അക്കൗണ്ട്സ് ഓഫീസർ